LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മെഗാ ടൂറിസം പദ്ധതി

246 (5049) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തികൾക്കും മാറ്റിവച്ചിട്ടുള്ള തുക എത്ര വീതം ആണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളത്ത് ഹൗസ് ബോട്ട് ടെർമിനലിന്റെ നിർമ്മാണം നടന്ന് വരികയാണ്. 790 ലക്ഷം രൂപയാണ് ഈ പ്രവൃത്തിയ്ക്കായി മാറ്റി വച്ചിട്ടുള്ളത്. ഹൗസ് ബോട്ട് ടെർമിനലിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളും അവയ്ക്ക് ഓരോന്നിനും മാറ്റി വച്ചിട്ടുള്ള തുകയും താഴെ വിവരിക്കുന്നു :

1.	ടൂറിസ്റ്റ് അറൈവൽ സെന്റർ	- 197 ലക്ഷം
2.	ടൂറിസ്റ്റ് ഇൻർപ്രെട്ടേഷൻ സെന്റർ	- 169 "
3.	ബോർഡ് വാക്ക് & വ്യൂ പോയിന്റ്	- 22 "
4.	പെർമെനന്റ് ഹൗസ് ബോട്ട് ജെട്ടി	- 36 "
5.	ജലഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ	- 300 "
6.	ലാന്റ് സ്കേപ്പിംഗ്	- 29 "
7.	വൈദ്യുതീകരണം & യാർഡ് ലൈറ്റിംഗ്	- 37 "

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2016 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.